"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-ശ്രീ.സരസൻ, വേണു തുടങ്ങി 6 പേർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.4204/2023 -ന്റെ 31.01.2024 -ലെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1868/2024/LSGD തീയതി,തിരുവനന്തപുരം, 07-10-2024

പരാമർശം:-

1. ശ്രീ . സരസൻ, വേണു തുടങ്ങി 6 പേർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.4204/2023 -ന്റെ 31.01.2024 -ലെ വിധിന്യായം
2. കൊടുങ്ങല്ലൂർ നഗര സഭ സെക്രട്ടറിയുടെ എ 1 2175 / 23 നമ്പർകത്ത് തീയതി 20.03.2024

**ഉത്തരവ്**

ശ്രീ . സരസൻ, വേണു തുടങ്ങി 6 പേർ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.4204/2023 -ന്റെ പരാമർശം 1 -ലെ വിധിന്യായത്തിൽ മൂന്നാം എതിർ കക്ഷിയായ കൊടുങ്ങല്ലൂർ മുനിസിപ്പൽ സെക്രട്ടറി സർക്കാരിലേക്കയച്ച അപേക്ഷയിൽ (Expt 13) 2 മാസത്തിനകം തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിയായ ചീഫ് സെക്രട്ടറിയ്ക്കും രണ്ടാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകി ഉത്തരവായി.

ടി കേസിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു .

കൊടുങ്ങല്ലൂർ താലൂക്ക് , ലോകമലേശ്വരം വില്ലേജിൽ മാടവന ദേശത്ത് ആനാട്ട് വീട്ടിൽ എം ശ്രീ സരസൻ , ടിയാന്റെ വീട് ലോകമലേശ്വരം വില്ലേജിന്റെയും എറിയാട് വില്ലേജിന്റെയും അതിർത്തിയിലാണെന്നും എന്നാൽ വീടിന്റെ നമ്പർ എറിയാട് പഞ്ചായത്തിൽ നിന്നായതിനാൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് മറ്റും ബുദ്ധിമുട്ടനുഭപ്പെടുന്നതിനാൽ ടിയാന്റെ വീട്ട് നമ്പർ എറിയാട് പഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്ത് കൊടുങ്ങല്ലൂർ നഗര സഭയിൽ നൽകണമെന്ന് കൊടുങ്ങല്ലൂർ

നഗരസഭാ സെക്രട്ടറിയോടപേക്ഷിക്കുകയുണ്ടായി (Expt 13) . ടി വിഷയം 5.12.2017 -ൽ കൂടിയ നഗര സഭാ കൗൺസിൽ യോഗത്തിൽ പരിഗണിക്കുകയും ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിലേക്കയക്കുന്നതിന് തീരുമാനിക്കുകയും ആയത് തദ്ദേശ സ്വയംഭരണ വകുപ്പിലേക്കയക്കുന്നതിന് നഗര കാര്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു

തുടർന്ന് ആയതിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ ശ്രീ സരസൻ തുടങ്ങി 6 പേർ ബഹു ഹൈക്കോടതിയിൽ WP(C) No.4204/2023 ഫയൽ ചെയ്യുകയും ആയതിന്റെ വിധിന്യായത്തിൽ മേൽ പ്രകാരം ഉത്തരവാകുകയും ചെയ്തു.

31.01.2024 -ലെ വിധി പകർപ്പ് 16.03.2024-ലെ കൗൺസിൽ മുമ്പാകെ സമർപ്പിച്ചതിൽ ടിയാളുകളെ കൊടുങ്ങലൂർ നഗരസഭയിലേക്ക് ചേർക്കുന്നതിന് വിരോധമില്ലെന്ന് സർക്കാരിനെ അറിയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് കൊടുങ്ങലൂർ നഗര സഭ സെക്രട്ടറി പരാമർശം 2 പ്രകാരം അറിയിക്കുകയുണ്ടായി.

ഇക്കാര്യം വിശദമായി പരിശോധിച്ചു . ടിയാളുകളെ കൊടുങ്ങല്ലൂർ നഗരസഭയിലേക്ക് ചേർക്കുന്നതിന് വിരോധമില്ലെന്ന് കൊടുങ്ങല്ലൂർ നഗര സഭ സെക്രട്ടറി അറിയിച്ച സാഹചര്യത്തിലും , ടിയാളുകളുടെ താമസ സ്ഥലം ഉൾപ്പെട്ട ലോകമലേശ്വരം വില്ലേജ് പൂർണ്ണമായും കൊടുങ്ങല്ലൂർ നഗര സഭ പരിധിയിൽ ഉൾപ്പെട്ടതാണെന്നത് കണക്കിലെടുത്തും, 2024 -25 സാമ്പത്തിക വർഷത്തെ ആദ്യ അർദ്ധ വർഷം വരെയുള്ള വസ്തു നികുതി പൂർണ്ണമായും ഒടുക്കിയിരിക്കണം എന്ന നിബന്ധനയോടെ, തൃശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിലെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെട്ട **ചുവടെ** പ്രതിപാദിക്കുന്ന 6 കെട്ടിടങ്ങളെ എറിയാട് ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ നിന്നും ഒഴിവാക്കി കൊടുങ്ങല്ലൂർ നഗര സഭയിലെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയും 31.01.2024-ലെ വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചും ഉത്തരവാകുന്നു .ഇത് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്‌വെയർ നികുതി നിർണ്ണയ രെജിസ്റ്ററിൽ ആവശ്യമായ ക്രമീകരണങ്ങൾ

ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തേണ്ടതാണ് .

1.സരസൻ,ആനാട്ട് ഹൗസ്, ലോകമല്ലേശ്വരം വില്ലേജ്,മാടവന പിഓ കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല,പിൻ - 680666, കെട്ടിട നമ്പർ-5/121

2.വേണു,കൊല്ലിക്കത്തറ ഹൗസ്, ലോകമല്ലേശ്വരം വില്ലേജ്,മാടവന പിഓ കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല,പിൻ - 680666, കെട്ടിട നമ്പർ-5/110

3.ഭരതൻ.കെ.സി,കരിനാട്ട് വീട്, ലോകമലേശ്വരം വില്ലേജ്, മാടവന പി.ഒ., കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ - 680666, കെട്ടിട നമ്പർ- 5/111

4.ആനന്ദൻ,കാര്യേഴത്ത് വീട്, ലോകമലേശ്വരം വില്ലേജ്,മാടവന പിഓ., കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല,പിൻ - 680666, കെട്ടിട നമ്പർ-5/107

5.ഉണ്ണികൃഷ്ണൻ,പച്ചമ്പിള്ളി വീട്, ലോകമലേശ്വരം വില്ലേജ്, മാടവന പിഓ, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല., പിൻ - 680666, കെട്ടിട നമ്പർ-5/108

6.രാജൻ,പച്ചമ്പിള്ളി വീട്, ലോകമലേശ്വരം വില്ലേജ്, മാടവന പിഓ., കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ - 680666, കെട്ടിട നമ്പർ-5/109

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം )

സരസൻ,ആനാട്ട് ഹൗസ്, ലോകമല്ലേശ്വരം വില്ലേജ്,മാടവന പിഓ കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല,പിൻ - 680666

വേണു,കൊല്ലിക്കത്തറ ഹൗസ്, ലോകമല്ലേശ്വരം വില്ലേജ്,മാടവന പിഓ കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ

ജില്ല,പിൻ - 680666

ഭരതൻ.കെ.സി,കരിനാട്ട് വീട്, ലോകമലേശ്വരം വില്ലേജ്, മാടവന പി.ഒ.,

കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ - 680666

ആനന്ദൻ,കാര്യേഴത്ത് വീട്, ലോകമലേശ്വരം വില്ലേജ്,മാടവന പിഒ., കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല,പിൻ - 680666

ഉണ്ണികൃഷ്ണൻ,പച്ചമ്പിള്ളി വീട്, ലോകമലേശ്വരം വില്ലേജ്, മാടവന പിഒ, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല., പിൻ - 680666

രാജൻ,പച്ചമ്പിള്ളി വീട്, ലോകമലേശ്വരം വില്ലേജ്, മാടവന പിഒ., കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ - 680666

നഗരസഭ സെക്രട്ടറി,കൊടുങ്ങല്ലൂർ

പഞ്ചായത്ത് സെക്രട്ടറി, ഏറിയാട്,തൃശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം (സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിനായി)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Vijayakumar D
Date: 08-10-2024 10:31:29